# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1020 05.03.2018 -ൽ മറുപടിക്ക്

**ശ്രീമതി.റഹീമ എന്ന അധ്യാപികക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.വി.അൻവർ | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| എ | സെക്രട്ടേറിയറ്റിൽ, പൊതുവിദ്യാഭ്യാസ വകുപ്പിലെ ഫയൽ നമ്പർ S2/156 തീർപ്പാക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; | എ | മലപ്പുറം ജില്ലയിലെ വണ്ടൂർ തച്ചിങ്ങനാടം ഹൈസ്കൂളിൽ 2009-10 വർഷത്തെ എച്ച്.എസ്.എ ഉറുദു അധിക തസ്തികയിൽ നിയമിതയായ ശ്രീമതി.റഹീമ.പി.വി യെ വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തി ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുന്ന വിഷയം നിലവിലുള്ള സർക്കാർ ഉത്തരവുകളുടേയും ബന്ധപ്പെട്ട വിദ്യാഭ്യാസ ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെയും വണ്ടൂർ ജില്ലാവിദ്യാഭ്യാസ ഓഫീസറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി | ശ്രീമതി.റഹീമ.വി.പി (എച്ച്.എസ്.എ, (ഉറുദു) തച്ചിങ്ങനാടം, മലപ്പുറം ജില്ല) എന്ന അധ്യപിക കഴിഞ്ഞ 7 വർഷത്തിലധികമായി ശമ്പളമില്ലാതെ ജോലി ചെയ്യുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; S2/156 നമ്പർ ഫയൽ തീർപ്പാക്കിയാൽ മാത്രമേ ശ്രീമതി.റഹീമയ്ക്ക് ശമ്പളം ലഭിക്കു എന്നിരിക്കെ പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ബി | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവുകളുടേയും ബന്ധപ്പെട്ട വിദ്യാഭ്യാസ ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ